DESPATCHED
On..15/06/2020

17/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

<u>ഹർജി നമ്പർ **AP. 2859*(7)/2013*/*എസ്.ഐ.സി.***</u>
<u>തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം</u>
<u>(ഫയൽ നം.10350/*എസ്.ഐ.സി-ജി* 6/13</u>

<u>സന്നിഹിതൻ</u>
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഒ.കെ.ഇബ്രാഹിംകുട്ടി**
**കുളത്തുങ്കൽ, വെള്ളക്കിണർ തെക്ക്**
**ആലപ്പുഴ** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
   **സബ് രജിസ്റ്റാർ ഓഫീസ്**
   **ഹരിപ്പാട്**
   **ആലപ്പുഴ**
2. **അപ്പീൽ അധികാരി**
   **ജില്ലാ രജിസ്റ്റാർ (ജനറൽ)**
   **ജില്ലാ രജിസ്റ്റാർ (ജനറൽ) ആഫീസ്**
   **ഇരുമ്പുപാലം.പി.ഒ**
   **ആലപ്പുഴ**

— **എതിർകക്ഷികൾ**

## <u>ഉത്തരവ്</u>

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ടത് 01.01.2002 മുതൽ 27.09.2012 വരെയുള്ള കാലയളവിലെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ആണെന്നും 27.09.2015 വരെയുള്ള കാലയള



res

വിലെ ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ 02.04.2013 ലെ ഫയൽ ചെയ്ത കോടതി ഉത്തരവ് സംബന്ധിച്ച പതിവ് ചേർക്കുവാൻ വ്യവസ്ഥയില്ലാത്തതാണെന്നും, ടി കോടതി ഉത്തരവിന്റെ വിവരങ്ങൾ ടി വസ്തുവിനെ സംബന്ധിച്ച 02.04.2013 തിയതി ഉൾപ്പെടുന്ന കാലയളവിലെ ബാദ്ധ്യതാ സർട്ടിഫിക്കറ്റിലെ കാണുകയുള്ളു എന്നതിനാൽ സബ് രജിസ്ട്രാർ ഓഫീസിൽ നിർദ്ധിഷ്ട ഫീസ് ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കാൻ ആവശ്യപ്പെട്ടുവെന്നും എന്നാൽ കക്ഷി അപേക്ഷ സമർപ്പിക്കുകയോ ഫീസ് അടയ്ക്കുകയോ ചെയ്തിട്ടില്ലെന്നുമാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ആലപ്പുഴ വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ എസ്.പി.ഐ.ഒയ്ക്ക് നോട്ടീസ് നൽകുകയും ടിയാൻ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും, സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ ഫീസ് അടയ്ക്കുകയോ ചെയ്തിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു. ഹർജിക്കാരനു നോട്ടീസ് നൽകുകയും ടിയാൻ ഹാജരാകുകയും ടി പരാതി സംബന്ധിക്കുന്ന കാര്യങ്ങൾക്ക് ഇപ്പോൾ പ്രസക്തിയില്ലെന്ന് കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു.

അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ, ടി പരാതി സംബന്ധിക്കുന്ന കാര്യങ്ങൾക്ക് ഇപ്പോൾ പ്രസക്തിയില്ലെന്ന് മൊഴി നൽകയതിനാൽ ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM



res